# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -2981 02/04/2013 ൽ മറുപടിക്ക്

## തൃക്കടാരിപ്പൊയിൻ-ഇടുമ്പ-കണ്ണവം റോഡ് നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) | |
| (എ) | മട്ടന്നൂർ നിയോജകമണ്ഡലത്തിലെ തൃക്കടാരിപ്പൊയിൽ-ഇടുമ്പ-കണ്ണവം റോഡ് നിർമ്മാണ പ്രവൃത്തിക്ക് എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയതെന്നും ആയത് എന്നാണ് നൽകിയതെന്നും വ്യക്തമാക്കുമോ ; | (എ) | പ്രസ്തുത പ്രവൃത്തിയ്ക്ക് 14/07/2009-ലെ G.O(Rt) 1045/2009/PWD നമ്പർ ഉത്തരവ് പ്രകാരം 240 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. |
| (ബി) | പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്തത് എന്നാണെന്നും കരാർ ഒപ്പുവെച്ചത് എന്നാണെന്നും വ്യക്തമാക്കുമോ ; | (ബി) | പ്രസ്തുത പ്രവൃത്തി 30/11/2009-ന് ടെൻഡർ ചെയ്യുകയും, 18/12/2010-ന് ശ്രീ.എം.കെ. ജോസ് എന്നയാളുമായി കരാർ ഒപ്പുവയ്ക്കുകയും ചെയ്തു. |
| (സി) | എഗ്രിമെന്റ് പ്രകാരം കരാറുകാരൻ പ്രവൃത്തി പൂർത്തീകരിക്കേണ്ടതെപ്പോഴാണ് എന്നറിയിക്കുമോ ; | (സി) | കരാർ പ്രകാരം 26/12/2011-ന് പ്രവൃത്തി പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ നിശ്ചിത സമയപരിധിക്കുള്ളിൽ കരാറുകാരന് പ്രവൃത്തി പൂർത്തിയാക്കാൻ കഴിയാതിരുന്നതിനാൽ ആദ്യപടിയായി 31/06/2012 വരെയും തുടർന്ന് 31/03/2013 വരെയും കരാർ കാലാവധി നിരത്തുകളും പാലങ്ങളും വിഭാഗം ഉത്തരമേഖല സൂപ്രണ്ടിംഗ് എൻജിനീയർ ദീർഘിപ്പിച്ചു നൽകിയിരുന്നു. |
| (ഡി) | മൂന്നു മാസത്തിനകം പ്രസ്തുത പദ്ധതി പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകും എന്ന് 14-06-2012-ൽ നിയമസഭയിൽ നൽകിയ ഉറപ്പ് ഇതുവരെ പാലിക്കപ്പെട്ടിട്ടില്ല എന്നുള്ള ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) & (ഇ) | 14/06/2012-ന് നിയമസഭയിൽ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എൻജിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. എം.എൽ.എ നൽകിയ നിവേദനത്തിന്മേൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | ഇതു സംബന്ധിച്ച് മണ്ഡലം എം.എൽ.എ. നൽകിയ നിവേദനങ്ങളിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ; | | |

.....2

(എഫ്) കരാറുകാരൻ പ്രസ്തുത പ്രവൃത്തി അനിശ്ചിതമായി നീട്ടിക്കൊണ്ടു പോകുവാനും ഇല്ലായ്മ ചെയ്യുവാനും നടത്തുന്ന നീക്കങ്ങൾക്കെതിരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ;

(ജി) കരാറുകാരൻ കോടതിയെ സമീപിച്ചിട്ടുണ്ടെങ്കിൽ കരാറുകാരന്റെ കരാർ ലംഘനം കോടതിയെ ബോദ്ധ്യപ്പെടുത്തി കരാർ റദ്ദ് ചെയ്യുവാനും പ്രസ്തുത പ്രവൃത്തി അടിയന്തിരമായി ചെയ്ത് തീർക്കുവാൻ ഏതെങ്കിലും സർക്കാർ ഏജൻസിയെ ചുമതലപ്പെടുത്തുവാനുമുള്ള നടപടി സ്വീകരിക്കുമോ ;

(എച്ച്) തൃക്കടാരിപ്പൊയിൽ-ഇടുമ്പ-കണ്ണവം റോഡ് പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നറിയിക്കുമോ ?

(എഫ്) & (ജി) & (എച്ച്) പ്രസ്തുത പ്രവൃത്തിയ്ക്ക് 315.50 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് 13/12/2011-ന് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എൻജിനീയർ സർക്കാരിൽ സമർപ്പിക്കുകയും അശാസ്ത്രീയമായി എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രവണത അവസാനിപ്പിക്കണമെന്ന നിരീക്ഷണത്തോടെ പുതുക്കിയ എസ്റ്റിമേറ്റ് സർക്കാർ നിരസിക്കുകയുമാണുണ്ടായത്. തുടർന്ന് പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ച് കിട്ടണമെന്നാവശ്യപ്പെട്ട് കരാറുകാരൻ ബഹു.ഹൈക്കോടതിയെ സമീപിക്കുകയും, മൂന്ന് റിട്ട് പെറ്റീഷനുകൾ സമർപ്പിക്കുകയുമുണ്ടായി. പ്രസ്തുത കേസുകൾ പരിഗണിച്ച് കോടതി കരാറുകാരന് ഇക്കാര്യത്തിൽ പറയുവാനുള്ളത് കേട്ടശേഷം തീരുമാനമെടുക്കണമെന്ന് ഉത്തരവാകുകയും ചെയ്തു. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ച് പുതുക്കിയ എസ്റ്റിമേറ്റ് നിരസിച്ചും, കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി പുനർദർഘാസ് ചെയ്യുന്നതിനും, നിയമപ്രകാരമുള്ള പിഴ ഈടാക്കുന്നതിനും 04/02/2013-ലെ G.O(Rt) No.182/2013/PWD പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതേ തുടർന്ന് കരാറുകാരൻ വീണ്ടും ബഹു. ഹൈക്കോടതിയെ സമീപിക്കുകയും, ഹൈക്കോടതി 28/02/2013-ലെ ഉത്തരവ് പ്രകാരം 04/02/2013-ലെ സർക്കാർ ഉത്തരവ് നടപ്പാക്കുന്നതിന് സ്റ്റേ അനുവദിക്കുകയും, ഇക്കാര്യത്തിൽ സർക്കാർ സത്യവാങ്മൂലം സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുകയുമുണ്ടായി. കോടതി നിർദ്ദേശപ്രകാരം സർക്കാർ 15/03/2013-ന് സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കേസിൽ കോടതി ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരി ക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ